**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1993** **01-09-2022 - ൽ മറുപടിയ്ക്ക്**

**സ്വാതന്ത്ര്യ സമരസേനാനികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേന്ദ്ര സർക്കാർ സ്വാതന്ത്ര്യ സമരസേനാനികളായി പ്രഖ്യാപിച്ച് താമ്രപത്രം നല്കി സംസ്ഥാനത്ത് എത്ര പേരെ ആദരിച്ചിട്ടുണ്ട്; അവരുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ; | (എ) | വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല . |
| (ബി) | സംസ്ഥാന സർക്കാർ സ്വാതന്ത്ര്യ സമരസേനാനികളായി പ്രഖ്യാപിച്ച് പെൻഷൻ നല്കിയിട്ടുള്ളവർ എത്ര പേർ ഉണ്ട്; ജില്ല തിരിച്ചുള്ള വിവരം നൽകാമോ; | (ബി) | വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല . |
| (സി) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പ്രഖ്യാപിച്ച് ആദരിച്ച പ്രസ്തുത സ്വാതന്ത്ര്യ സമരസേനാനികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (സി) | താമ്രപത്രം ലഭിച്ചവർക്ക് മാത്രമായി വിശേഷാൽ ആനുകൂല്യങ്ങൾ ഒന്നും തന്നെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്നില്ല. കേന്ദ്ര-സംസ്ഥാന പെൻഷൻ ലഭിക്കുന്നവർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ നൽകി വരുന്നു.<br><br>സംസ്ഥാന സർക്കാർ പെൻഷന് പുറമെ സ്വാതന്ത്ര്യ സമര സേനാനികൾക്ക് സൗജന്യ ചികിത്സ സഹായം , യാത്രാ പാസ്സ് എന്നിവ നൽകുന്നു. സ്വാതന്ത്ര്യ സമര സേനാനികളുടെ മരണാനന്തര ചടങ്ങുകൾക്ക് 5000 രൂപ ധനസഹായവും നൽകുന്നു. സ്വാതന്ത്ര്യ സമര സേനാനികൾ പൊതു താല്പര്യാർത്ഥമോ അവരുമായി ബന്ധപ്പെട്ടതോ ആയ ആവശ്യങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി മന്ത്രിമാരെ സന്ദർശിക്കുന്നതിനോ മറ്റ് ഔദ്യോഗിക കാര്യങ്ങളിൽ പങ്കെടുക്കുന്നതിനോ സംസ്ഥാനത്തെ സർക്കാർ അതിഥി മന്ദിരങ്ങളിൽ താമസിക്കുന്നതിന്, എം.എൽ.എ, എം.പി.മാർ സർക്കാർ അതിഥി മന്ദിരങ്ങളിൽ താമസിക്കുന്നതിന് ഈടാക്കുന്ന അതേ സൗജന്യനിരക്കിൽ തുടർച്ചയായി രണ്ടു ദിവസത്തേക്ക് താമസ സൗകര്യവും നൽകിവരുന്നു. കേന്ദ്ര സർക്കാർ പെൻഷൻ നൽകുന്നതിനു പുറമെ രാജധാനിയിലെ II എസിയിൽ സൗജന്യ റയിൽവെ |

| | | | | |
|---|---|---|---|---|
| | | | | പാസുകൾ ,ശതാബ്ദി / ജനശതാബ്ദിയിൽ ചെയർ കാർ ,മറ്റെല്ലാ ട്രെയിനുകളുടെയും ഒന്നാം ക്ലാസ് അല്ലെങ്കിൽ എസി II ടയർ എന്നിവ സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ വിധവകൾക്കും ജീവിതകാലം മുഴുവൻ ഒരു അറ്റൻഡറിനൊപ്പം നൽകുന്നു . എല്ലാ കേന്ദ്ര സർക്കാർ ആശുപത്രികളിലും (സിജിഎച്ച്എസ് ഡിസ്പെൻസറികൾ ഉൾപ്പെടെ) ബ്യൂറോ ഓഫ് പബ്ലിക് എന്റർ പ്രൈസസിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തുന്ന ആശുപത്രികളിലും സൗജന്യ മെഡിക്കൽ സൗകര്യങ്ങൾ നൽകുന്നു. ഡൽഹിയിൽ സ്വാതന്ത്ര്യ സമര സേനാനികൾക്ക് ജനറൽ പൂൾ റെസിഡൻഷ്യൽ താമസ സൗകര്യം (മൊത്തം 5% വിവേചനാധികാര ക്വോട്ടയ്ക്കുള്ളിൽ) നൽകുന്നു .ന്യൂഡൽഹിയിലെ ബാബ ഖരക് സിംഗ് മാർഗിൽ സജ്ജീകരിച്ചിരിക്കുന്ന സ്വാതന്ത്ര്യ സമര സേനാനികളുടെ ഭവനത്തിൽ താമസസൗകര്യം നൽകിയിട്ടുണ്ട് . ഇൻസ്റ്റലേഷൻ ചാർജുകളില്ലാതെ ടെലിഫോൺ കണക്ഷന്റെ സൗകര്യം( വാടകയുടെ പകുതി മാത്രം)നൽകുന്നു . |

സെക്ഷൻ ഓഫീസർ